# STD - I

## അദ്ധ്യാപക സഹായി

**പാഠം – അഞ്ച്        ദൈവം മനുഷ്യനായി പിറന്നു     ഭാഗം – ഒന്ന്**

### ലക്ഷ്യം

നമ്മെ രക്ഷിക്കാനായി ദൈവം മനുഷ്യനായി പിറന്ന ദിനമാണ് ക്രിസ്തുമസ്സ്. ഉണ്ണീശോയുടെ പിറന്നാൾ ദിനം. എന്റെ രക്ഷകനായ യേശുവിനെ ഞാൻ സ്നേഹിക്കും ആരാധിക്കും.

### പഠനസഹായികൾ

* പുൽക്കൂടിന്റെ ചിത്രം
* ക്ലാസ്സിൽ മുൻകൂട്ടി തയ്യാറാക്കിവച്ച പുൽക്കൂട്, നക്ഷത്രം, ക്രിസ്മസ്ട്രീ
* വചനം ലൂക്കാ 2:11

### പാഠത്തിന്റെ ഉള്ളടക്കം

* ഇടവക പള്ളിയിലെ ക്രിസ്തുമസ്സ് ആഘോഷം
* ഈശോ പിറന്ന പുണ്യദിനമാണ് ക്രിസ്തുമസ്സ്
* ഉണ്ണീശോ പിറന്നത് ബത്‌ലെഹേമിലെ ഒരു കാലിത്തൊഴുത്തിൽ
* ഈശോയുടെ അപ്പനും അമ്മയും
* ദൈവപുത്രനായിരുന്നിട്ടും നമ്മുടെ രക്ഷയ്ക്കുവേണ്ടി എളിയവനായി പുൽക്കൂട്ടിൽ പിറന്നു.

### പ്രാർത്ഥന

എന്റെ സ്നഹിതനായ ഉണ്ണീശോയേ, എല്ലാവർക്കും നന്മകൾ ചെയ്യുവാനുള്ള അനുഗ്രഹത്തിനായി എന്റെ ഹൃദയത്തിൽ പിറക്കണമേ.

### ചോദ്യങ്ങൾ

1. ഈശോയുടെ പിറന്നാൽ ദിനത്തിന് പറയുന്ന പേര്?
2. യേശു ജനിച്ച സ്ഥലം ഏതാണ്?
3. ഈശോയുടെ വളർത്തുപിതാവും അമ്മയും ആരാകുന്നു?
4. ഉണ്ണീശോയെ കാണുവാൻ ആരെല്ലാമാണ് വന്നത്?
5. ഉണ്ണീശോ ജനിച്ചപ്പോൾ ആകാശത്ത് തെളിഞ്ഞത് എന്താണ്?

# STD - I

## അദ്ധ്യാപക സഹായി

**പാഠം – അഞ്ച്          ദൈവം മനുഷ്യനായി പിറന്നു     ഭാഗം – രണ്ട്**

### ലക്ഷ്യം

നമ്മുടെ രക്ഷയ്ക്കായി മനുഷ്യനായി അവതരിച്ച ഉണ്ണീശോയെ വണങ്ങാം, ആരാധിക്കാം. ഉണ്ണീശോയോട് എപ്പോഴും പ്രാർത്ഥിച്ചുകൊണ്ട് പൊന്നുണ്ണികളായ് ഞങ്ങൾ വളരും.

### പഠനസഹായികൾ

* ഉണ്ണീശോയുടെ തിരുസ്വരൂപം
* ഉണ്ണീശോയുടെ പടമുള്ള ക്രിസ്തുമസ്സ് കാർഡുകൾ
* ചാർട്ട് + ചിത്രം – ക്രിസ്തുമസുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ

### പാഠത്തിന്റെ ഉള്ളടക്കം

* നമുക്കുപാടാം – ഉണ്ണിമിശിഹായെ കാണാം....
* ക്രിസ്തുമസ്സുമായി ബന്ധപ്പെട്ട പദങ്ങൾ
* സത്പ്രവൃത്തികളും, ഉണ്ണിക്കവിതയും

### പ്രാർത്ഥന

സ്നേഹമുള്ള ഉണ്ണീശോയെ, മറ്റുള്ളവർക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കുവാനും മാതാപിതാക്കളെ അനുസരിച്ചുകൊണ്ട് പൊന്നുണ്ണികളായി വളരുവാനും ഞങ്ങളെ അനുഗ്രഹിക്കേണമേ.

### ചോദ്യങ്ങൾ

1. ഉണ്ണിമിശിഹായെ കാണാം എന്ന ഗാനം ആലപിക്കുക
2. ചാർട്ട് നോക്കി ക്രിസ്തുമസ്സുമായി ബന്ധപ്പെട്ട മൂന്നു കാര്യങ്ങളുടെ പേരുകൾ പറയുക.
3. ഉണ്ണിക്കവിത ചൊല്ലുക.